എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 3, ലക്കം 07 | 2022 ജൂലൈ 05




# ക്ലീൻ ടെക്ക് ചലഞ്ച് പ്രഖ്യാപിച്ചു

ഗവേഷകർക്കും സ്റ്റാർട്ടപ്പുകൾക്കും ഹരിതോർജ്ജ രംഗത്തേയും ഊർജ്ജ കാര്യക്ഷമതാ രംഗത്തേയും അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുവാനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്ന ക്ലീൻ ടെക്ക് ചലഞ്ച് ആരംഭിച്ചു. 2022 ജൂലൈ 22 ന് ക്ലീൻ എനർജി ഇന്നോവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ (സീബെക് ) ഉദ്ഘാടനം ചെയ്തുകൊണ്ട് വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയാണ് ക്ലീൻ ടെക്ക് ചലഞ്ച് പ്രഖ്യാപിച്ചത്.

ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററുമായി എനർജി മാനേജ്മെന്റ് സെന്ററും, കെ-ഡിസ്കും ചേർന്ന് 2022 ഫെബ്രുവരി 1 ന് ഒപ്പുവെച്ച ധാരണാപത്രത്തിന്റെ ഭാഗമായാണ് ഈ സെന്റർ സ്ഥാപിക്കപ്പെട്ടത്. ഉദ്ഘാടനച്ചടങ്ങിൽ ഗതാഗതവകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു അദ്ധ്യക്ഷത വഹിച്ചു. കാലഘട്ടത്തിന്റ വെല്ലുവിളികൾ നേരിടാൻ ഉതകുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം സെന്ററുകൾ സംസ്ഥാനത്തിന് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മുഖ്യ പ്രഭാഷണം നടത്തി. അക്കാദമിക് സ്ഥാപനങ്ങളെയും വ്യവസായങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും എങ്ങിനെ ബന്ധിപ്പിക്കാം എന്നാണ് സർക്കാർ ആലോചിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഗവേഷണ ഫലങ്ങൾ സാധാരണക്കാരന് താങ്ങാവുന്നതായിരിക്കണമെന്നും, സ്റ്റാർട്ടപ്പുകൾക്കായി സർക്കാർ ലക്ഷ്യമിട്ടിരിക്കുന്ന വെർച്ചൽ ഫണ്ട് പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ സീബെകിന്റെ ലോഗോ, ക്ലീൻടെക്ക് ചലഞ്ചിനായുള്ള വെബ്സൈറ്റ് എന്നിവ പ്രകാശനം ചെയ്തു.

ഉദ്ഘാടനച്ചടങ്ങിന് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജേഷ്കുമാർ സിൻഹ ഐ.എ. എസ് സ്വാഗതം പറഞ്ഞു. ടാറ്റാ പവർ കമ്പനി സി. ഇ. ഒ ഡോ. പ്രവീർ സിൻഹ, കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണൻ, സോഷ്യൽ ആൽഫ സി.ഇ.ഒ ശ്രീ. മനോജ്കുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി. സി. അനിൽകുമാർ, ക്ളീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ സി.ഇ.ഒ ഡോ. ജി. ഗണേഷ് ദാസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായി. ചടങ്ങിന് ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ നന്ദി പറഞ്ഞു.

GOVERNMENT OF KERALA

CEIBIC
CLEAN ENERGY INNOVATION & BUSINESS INCUBATION CENTRE

CleanTech Challenge

ഹരിത ഊർജ്ജ ഉത്പാദനം • ഇലക്ട്രിക് വാഹനങ്ങളും ഇൻഫ്രാസ്ട്രക്ചറും
ഊർജ്ജ സംഭരണവും ഗ്രിഡ് സാങ്കേതികവിദ്യകളും • ഊർജ്ജ ഉപഭോഗവും വിതരണ മാനേജ്മെന്റും

ഊർജ്ജ രംഗത്ത് പ്രവർത്തിക്കുന്ന ഗവേഷകർക്കും സ്റ്റാർട്ട് അപ്പുകൾക്കും അവസരം ഒരുങ്ങുന്നു

കേരള സർക്കാർ

തിരഞ്ഞെടുക്കുന്നവർക്ക് ആദ്യ ഘട്ടം 25 ലക്ഷം രൂപ വരെ ഗ്രാന്റ്

വിജയകരമായി വികസിപ്പിച്ചെടുക്കുന്ന സാങ്കേതികവിദ്യകളുടെ വ്യാവസായികവൽക്കരണത്തിന് 1 കോടി രൂപ വരെ പ്രാരംഭ മൂലധനം

കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾ രജിസ്റ്റർ ചെയ്യുവാനും

www.keralaenergy.gov.in/ceibic

അവസാന തീയതി 2022 ഓഗസ്റ്റ് 22

K-DISC KSEB SOCIAL alpha CLEAN ENERGY INTERNATIONAL INCUBATION CENTRE

# നിയുക്ത ഉപഭോക്താക്കളുടെ യോഗം സംഘടിപ്പിച്ചു



ഊർജ്ജ ഉപയോഗം വളരെ കൂടുതലായ വ്യവസായങ്ങളേയും കെട്ടിടങ്ങളേയും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നിയുക്ത ഉപഭോക്താക്കളായി (Designated Consumers) പട്ടികപ്പെടു ത്തിയിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന നിയുക്ത ഉപഭോക്താ ക്കളുടെ യോഗം 2022 ജൂൺ 29 ന് എനർജി മാനേജ്മെന്റ് സെന്ററിൽ വച്ച് സംഘടിപ്പിച്ചു. ഇ.എം.സി. ഡയറ ക്ടർ ഡോ. ആർ. ഹരികുമാറിന്റെ ആമുഖ പ്രഭാഷണത്തോടെയാണ് യോഗം ആരംഭിച്ചത്.

കേരളത്തിലെ 11 നിയുക്ത ഉപഭോ ക്താക്കളിൽ നിന്നും 14 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. പ്രതിനിധികൾ അവരവരുടെ സ്ഥാപന ങ്ങളിൽ ഊർജ്ജകാര്യക്ഷമതയ്ക്കായി നടത്തിയ പ്രവർത്തനങ്ങളെയും നേരിടുന്ന വെല്ലുവിളികളെയും സംബ ന്ധിച്ച് അവതരണം നടത്തുകയും യോഗത്തിൽ അത് വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി.

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി യുടെ സെക്റ്റർ എക്സ്പെർട്ടുകളായ ശ്രീ. നവീൻ കുമാർ, ശ്രീ. ഹിമാൻഷു ചൗധരി എന്നിവർ പെർഫോം അച്ചീവ് ട്രേഡ് (PAT) സംബന്ധിച്ച ദേശീയ തലത്തിലുള്ള തൽസ്ഥിതി വിശദീകരിച്ചു. മൊണിറ്ററിംഗ് ആന്റ് വെരിഫിക്കേഷൻ ഓഡിറ്റിനെ കുറിച്ച് FICCI യുടെ നേതൃത്വ ത്തിലുള്ള PAT സെൽ ടീം മാനേജർ ഡോ. പി. ധർമ്മലിംഗവും കേരളത്തി ലെ PAT തൽസ്ഥിതി സംബന്ധിച്ച് ഇ. എം.സി. യുടെ ഊർജ്ജകാര്യക്ഷമതാ വിഭാഗം മുൻ തലവൻ, ശ്രീ. എ.എം. നാരായണനും ക്ലാസുകൾ നയിച്ചു.

സമാപനയോഗത്തിൽ ഇ.എം.സി. രജിസ്ട്രാർ ശ്രീ. സുഭാഷ് ബാബു ബി.വി കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ഫണ്ട് സംബന്ധി ച്ച് അവതരണം നടത്തി. യോഗത്തി ന് ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ നന്ദിയും പറഞ്ഞു.


# ഇ.എം.സി റിസോഴ്സ് പേഴ്സൺ രണ്ടാം ബാച്ച് പരിശീലനം സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററിന്റെ പദ്ധതികളും ഊർജ്ജ സംരക്ഷണം സംബ ന്ധിച്ച ബോധവൽക്കരണവും പൊതുജനങ്ങളിലേക്ക് എത്തി ക്കാനായുള്ള ഇ.എം.സി യുടെ റിസോഴ്സ് പേഴ്സൺമാരു ടെ രണ്ടാം ബാച്ച് പരിശീലനം 2022 ജൂൺ 22,23 തീയതികളി ലായി സംഘടിപ്പിച്ചു.

രണ്ട് ദിവസത്തെ ക്യാമ്പായി സംഘടിപ്പിച്ച പരിപാടിയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 100ൽ അധികം ആളുകൾ പങ്കെടുത്തു. ഇ.എം.സി ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ, ശ്രീ. ജോൺസൺ ഡാനിയലിന്റെ ആമുഖ പ്രസംഗ ത്തോടെയാണ് പരിപാടി ആരംഭി ച്ചത്. പരിപാടിയുടെ രണ്ടാം ദിവസം ഇ.എം.സി ഡയറക്ടർ ഡോ. ആർ ഹരികുമാർ റിസോഴ്സ് പേഴ്സൺ മാരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചും ഇ.എം.സിയുടെ വിവിധ പദ്ധതിക ളെക്കുറിച്ചും ഇ.എം.സിയിലെ വിവിധ ഉദ്യോഗസ്ഥർ ക്ലാസുകൾ നയിച്ചു.

## എനർജി മാനേജ്മെന്റ് സെന്ററിൽ 2022 ജൂലൈ മാസം



- **09-13** എനർജി മാനേജർ/ ഓഡിറ്റർ പരീക്ഷക്കുള്ള പരിശീലനം
- **16** എനർജി കൺസർവേഷൺ ബിൽഡിംഗ് കോഡ് സംബ ന്ധിച്ച ബോധവൽക്കരണ പരിപാടി - തിരുവനന്തപുരം
- **20-22** എനർജി കൺസർവേഷൺ ബിൽഡിംഗ് കോഡ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി പരിശീലനം
- **30** എനർജി കൺസർവേഷൺ ബിൽഡിംഗ് കോഡ് സംബന്ധിച്ച ബോധവൽക്കരണ പരിപാടി - തൃശ്ശൂർ




ക്ലീൻ എനർജി ഇന്നോവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ലോഗോ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, ഗതാഗതവകുപ്പമന്ത്രി ശ്രീ. ആന്റണി രാജു, വ്യവസായ വകുപ്പ മന്ത്രി ശ്രീ. പി. രാജീവ് എന്നിവർ ചേർന്ന് 2022 ജൂൺ 22 ന് പ്രകാശനം ചെയ്തു.

# കേരളത്തിലെ ഊർജ്ജപരിവർത്തനം; ശിൽപ്പശാല സംഘടിപ്പിച്ചു

ഫോസിൽ അധിഷ്ഠിതമായ പരമ്പരാഗത ഊർജ്ജ ഉല്പാദന രീതികളിൽ നിന്നും കാർബൺ ബഹിർഗമനം കുറഞ്ഞ ഹരിതോർജ്ജ ഉദ്പാദനത്തിലേക്കുള്ള ലക്ഷ്യത്തിലേക്ക് കേരളത്തിന് എങ്ങനെ പരിവർത്തനപ്പെടാം എന്നത് സംബന്ധിച്ച രണ്ടു ദിവസത്തെ ശിൽപ്പശാല 2022 ജൂൺ 15, 16 എനർജി മാനേജ്മെന്റ് സെന്ററിൽ വച്ച് സംഘടിപ്പിച്ചു. ശിൽപ്പശാല എനർജി മാനേജ്മെന്റ് സെന്ററിന്റെ വൈസ് ചെയർമാൻ ഡോ. ആർ.വി.ജി മേനോൻ ഉദ്ഘാടനം ചെയ്തു.

കാലാവസ്ഥാ മാറ്റം, ഹരിതോർജ്ജ സാദ്ധ്യതകൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഇക്വിനോക്ട്, അസർ എന്നീ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

സമസ്ത മേഖലകളിലേയും ഹരിതോർജ്ജത്തിലേക്കുള്ള മാറ്റം എപ്രകാരം സാധ്യമാക്കാം എന്നതു സംബന്ധിച്ചും, ഹരിതോർജ്ജ സാധ്യതകൾ സംബന്ധിച്ചും, ഊർജ്ജ കാര്യക്ഷമത സംബന്ധിച്ചും വിദഗ്ധർ അവതരണങ്ങൾ നടത്തി. ഇവ സംബന്ധിച്ച തുടർചർച്ചകളും പരിപാടിയുടെ ഭാഗമായി ഉണ്ടായി.




ഉദ്ഘാടന ചടങ്ങിൽ കെ.എസ്.ഇ. ബി.എൽ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ഡോ. ബി. അശോക് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി (ഓൺലൈനായി). ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതം ആശംസിച്ചു. അസർ പ്രോഗ്രാം ഹെഡ് ശ്രീമതി. പ്രിയ പിള്ള നന്ദി പറഞ്ഞു.

# എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ്; പരിശീലന പരിപാടി സംഘടിപ്പിച്ചു

എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡുമായി (ഇ.സി.ബി.സി) ബന്ധപ്പെട്ട ഡേലൈറ്റ് സിമുലേഷൻ, ഇന്റഗ്രേറ്റഡ് ഡിസൈൻ അപ്രോച്ച് എന്നീ വിഷയങ്ങളിൽ 2022 ജൂൺ മാസം 8,9,10 തീയതികളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഉദ്ഘാടനം ഇ. എം. സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ നിർവഹിച്ചു. ഉദ്ഘാടനയോഗത്തിന് ഇ. എം. സി. ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ. എൻ സ്വാഗതവും, ഇ. എം. സി. രജിസ്ട്രാർ ശ്രീ. സുഭാഷ് ബാബു ബി.വി നന്ദിയും പറഞ്ഞു.

ഇ.സി.ബി.സി മാസ്റ്റർ ട്രയിനർമാരായ ശ്രീമതി. മറിയം സഖിയ, ശ്രീ. അബ്ദുല്ലാഹ് ഫറൂഖി എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.






സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായുള്ള 2021, 2022 വർഷങ്ങളിലെ കേരള സ്റ്റേറ്റ് സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ് വിജയികൾ വിശിഷ്ടാഥിതികൾക്കൊപ്പം

# 'സംസ്ഥാന ചെറുകിട ജലവൈദ്യുതി നയം– 2012' പരിഷ്കരിക്കുന്നു

2012 ലെ ചെറുകിട ജലവൈദ്യുതി നയം പരിഷ്കരിക്കുന്നത് സംബന്ധിച്ച് 3 ദിവസത്തെ സ്റ്റേക്ക്ഹോൾഡർ ശിൽപ്പശാല 2022 ജൂൺ 22 മുതൽ 24 വരെയുള്ള തീയതികളിൽ എനർജി മാനേജ്മെന്റ് സെന്ററിൽ വച്ച് നടന്നു. ശിൽപ്പശാല വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. പുതുക്കിയ ചെറുകിട നയം കൂടുതൽ നിക്ഷേപ സൗഹൃദമാകണമെന്നും അതുവഴി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കണമെന്നും മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പരാമർശിച്ചു.




ഉദ്ഘാടന യോഗത്തിന് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജേഷ്കുമാർ സിൻഹ ഐ. എ. എസ് അദ്ധ്യക്ഷത വഹിച്ചു, ഇ. എം. സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ. എൻ നന്ദിയും പറഞ്ഞു. ഉദ്ഘാടന യോഗത്തെ തുടർന്ന് ഇ. എം. സി. സ്ഥാപക ഡയറക്ടർ പ്രൊഫ. വി.കെ. ദാമോദരൻ ആദ്യ സാങ്കേതിക അവതരണം നടത്തി.



ചെറുകിട ജലവൈദ്യുത രംഗത്തെ നവീന സാധ്യതകൾ, സ്വകാര്യ സംരംഭങ്ങൾ, വനം–പാരിസ്ഥിതിക അനുമതി, സർക്കാർ അനുമതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതകൾ മുതലായ വിഷയങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതി നയത്തിൽ വേണ്ടിവന്നേക്കാവുന്ന പരിഷ്കാരങ്ങളെ കുറിച്ച് അവതരണങ്ങളും വിശദമായ ചർച്ചയും നടന്നു.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256